**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4384** **09-08-2021 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി പൈതൃക മ്യൂസിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | ചങ്ങനാശ്ശേരി പൈതൃക മ്യൂസിയത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | ചങ്ങനാശ്ശേരിയിൽ ഒരു കലാ സാംസ്കാരിക കേന്ദ്രവും പൈതൃക മ്യൂസിയവും ആരംഭിക്കുന്നതിന് 1,42,16,812/- രൂപ നൽകി ചങ്ങനാശ്ശേരിയിലുള്ള കുമാരമംഗലത്തുമന ഏറ്റെടുത്ത് അതിന്റെ ഘടനാ സംരക്ഷണ ജോലികൾ പൂർത്തിയാക്കിയിട്ടുള്ളതാണ്. മ്യൂസിയം സജ്ജീകരണ പ്രവർത്തനങ്ങൾ അടുത്ത ഘട്ടത്തിൽ ആരംഭിക്കുന്നതാണ്. |
| (ബി) | മ്യൂസിയം പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | (ബി) | നിലവിൽ വകുപ്പിന്റെ ഒരു സ്ഥിരം ജീവനക്കാരനെ കുമാരമംഗലത്തുമനയുടെ ചാർജ്ജ് ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | സന്ദർശകരെ മ്യൂസിയത്തിൽ പ്രവേശിപ്പിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ സന്ദർശന സമയം അറിയിക്കുമോ; | (സി) | മ്യൂസിയം സജ്ജീകരണം പൂർത്തിയാകുന്ന മുറയ്ക്ക് പ്രവേശനം അനുവദിക്കുന്നതാണ്. |
| (ഡി) | പൈതൃക മ്യൂസിയത്തിന്റെ പ്രവർത്തനം എത്രയും വേഗം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) | മ്യൂസിയം സജ്ജീകരണം പൂർത്തിയാകുന്ന മുറയ്ക്ക് പ്രവേശനം അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ